(ബി) പരേതനായ ഡ്രൈവറുടെ പേരിൽ ലഭ്യമാക്കിയ നിയമാനുസൃത അവകാശ സർട്ടിഫിക്കറ്റിൽ അപേക്ഷകന്റെ പേര് ഉൾപ്പെട്ടിട്ടില്ലാത്ത കാരണത്താലാണ് ടി അപേക്ഷ അനുകൂലമായി തീർപ്പാക്കാൻ കഴിയാത്തത്.

ശ്രീ. സുലൈമാന് നൽകുവാനുള്ള ആനുകൂല്യങ്ങൾ

183 (1911) ശ്രീ. വി. കെ. ഇബ്രാഹീം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടറായിരിക്കെ പ്രതിപക്ഷനേതാവിന്റെ പേഴ്സണൽ സ്റ്റാഫിൽ ഡെപ്യൂട്ടേഷനിൽ നിയമിക്കപ്പെട്ട ശ്രീ. സുലൈമാന് ലഭിക്കാനുള്ള ആനുകൂല്യങ്ങൾ ലഭിച്ചില്ലെന്ന് കാണിച്ച് കെ.എസ്.ആർ.ടി.സി. സി.എം.ഡി.-ക്ക് 8-12-2010-ൽ നൽകിയ നിവേദനത്തിന്മേൽ നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് കാലാകാലങ്ങളിൽ അനുവദിച്ച ഡി.എ. സംബന്ധിച്ച അറിയിപ്പുകളെല്ലാം യഥാക്രമം പൊതുഭരണ വകുപ്പിന് അയച്ചു കൊടുത്തിട്ടുണ്ടോ ; എങ്കിൽ ഇതു സംബന്ധിച്ച കത്തിടപാടുകളുടെ പകർപ്പ് ലഭ്യമാക്കാമോ ;

(സി) ശ്രീ. സുലൈമാന് അർഹതപ്പെട്ട വാർഷിക ഇൻക്രിമെന്റുകളെല്ലാം അനുവദിച്ചത് സംബന്ധമായ അറിയിപ്പുകൾ യഥാസമയം പൊതുഭരണ വകുപ്പിന് അയച്ചുകൊടുത്തിട്ടുണ്ടോ ; എങ്കിൽ പ്രസ്തുത കത്തുകളുടെ പകർപ്പ് ലഭ്യമാക്കുമോ ?

ഉത്തരം

(എ) ശ്രീ. സുലൈമാൻ സമർപ്പിച്ച പരാതി പരിഹരിക്കുന്നതിനും ആവശ്യമായ പരിഹാര നടപടികൾ സ്വീകരിക്കുന്നതിനുമായി ടിയാന്റെ ജീവനക്കാര്യം കൈകാര്യം ചെയ്യുന്ന തിരുവനന്തപുരം സിറ്റി യൂണിറ്റധികാരിയുടെ കാര്യാലയത്തിലേക്ക് 10-12-2010-ൽ അയച്ചിട്ടുണ്ട്.

(ബി&സി) വിവരം ശേഖരിച്ചു നൽകുന്നതാണ്

കെ.എസ്.ആർ.ടി.സി. താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം

184 (1912) ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ രണ്ടായിരത്തോളം താൽക്കാലിക ജീവനക്കാരെ സ്ഥിരപ്പെടുത്തണമെന്ന നിർദ്ദേശം പി.എസ്.സി.-ക്ക് സമർപ്പിക്കുകയുണ്ടായോ ;

(ബി) എങ്കിൽ എന്നാണ് സമർപ്പിച്ചത് ; ഏതൊക്കെ തസ്തികകളിലുള്ള ജീവനക്കാരായിരുന്നു ഇവർ ; നിർദ്ദേശം പി.എസ്.സി. അംഗീകരിക്കുകയുണ്ടായോ ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly